**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർകോട് ജില്ലാ പഞ്ചായത്ത്- മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള വൈകല്യ സൗഹൃദ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(സാധാ)നം. 2023/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 17.06.2017

---

വായന: 1) കാസർകോട് ജില്ല പഞ്ചായത്തിന്റെ 20/12/2016 ലെ 146(33)/16 നം. തീരുമാനം.

2) കാസർകോട് ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ 30/12/2016 ലെ ബി4-1639/15 നം കത്ത്.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 5/03/2017 ലെ 3.32 നം തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നതും മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ളതും ജില്ലാതല കർമ്മ പദ്ധതിയിലുൾപ്പെട്ടതുമായ വൈകല്യ സൗഹൃദ ഭവന പദ്ധതിയുടെ ഭാഗമായി 258 ഗുണഭോക്താക്കൾക്ക് 3,00,000/- രൂപ യൂണിറ്റ് കോസ്റ്റിൽ വീട് നിർമ്മിക്കുന്നതിന് വായന മൂന്ന് പ്രകാരം കാസർഗോഡ് ജില്ലാ പഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ